"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഹോമിയോപ്പതി വകുപ്പ് - ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ കായംകുളം സർക്കാർ ഹോമിയോ ആശുപത്രിയിലെ കുക്ക് ശ്രീമതി സുബീന ബീവി എച്ച്-ന്റെ ചികിത്സയ്ക്കായി ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.328/2024/AYUSH തീയതി, തിരുവനന്തപുരം, 29-08-2024

---

പരാമർശം:- (1) ശ്രീമതി സുബീന ബീവി എച്ച്-ന്റെ 09/02/2021-ലെ അപേക്ഷ.

(2) ആലപ്പുഴ ആരോഗ്യ ജില്ലാ മെഡിക്കൽ ഓഫീസറുടെ 24/02/2023-ലെ C4-(L.DIS)15929/22 - നമ്പർ കത്ത്.

(3) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 12/03/2023-ലെ DHTVM/1285/2022-എ4 - നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഹോമിയോപ്പതി വകുപ്പിൽ ആലപ്പുഴ ജില്ലയിൽ കായംകുളം സർക്കാർ ഹോമിയോ ആശുപത്രിയിലെ കുക്ക് ശ്രീമതി സുബീന ബീവി എച്ച്.-ന്റെ ചികിത്സയ്ക്കായി തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചെലവായ 59,233/- രൂപ പ്രതിപൂരണം ചെയ്യുന്നതിന് അനുവാദം നൽകണമെന്ന് കാണിച്ച് സമർപ്പിച്ച അപേക്ഷയിന്മേൽ പരാമർശം-(1) പ്രകാരം ആലപ്പുഴ ആരോഗ്യ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 45,155/- രൂപ പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും, എന്നാൽ, അപേക്ഷക ചികിത്സ തേടിയിരിക്കുന്നത് സ്വകാര്യ ആശുപത്രിയിലായതിനാൽ, അനുവദനീയമായ തുകയുടെ 80% കണക്കാക്കി അനുവദിക്കുന്നതിലേയ്ക്കായി അനുമതി നൽകണമെന്ന് പരാമർശം-(2) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കായംകുളം സർക്കാർ ഹോമിയോ ആശുപത്രിയിലെ കുക്ക് ശ്രീമതി സുബീന ബീവി എച്ച്-ന്റെ ചികിത്സയ്ക്ക് 11/09/2020 മുതൽ 17/09/2020 വരെ തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജാശുപത്രിയിൽ ചെലവായ 59,233/- രൂപയിൽ ആലപ്പുഴ ആരോഗ്യ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയമാണെന്ന് അറിയിച്ചിരിക്കുന്ന 45,155/- രൂപയുടെ 80% ആയ 36,124/-രൂപ (മുപ്പത്തിയാറായിരത്തി ഒരുനൂറ്റി ഇരുപത്തിനാല് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAMEER KUMAR O J
ഡെപ്യൂട്ടി സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം (ബില്ലുകളും, അനുബന്ധ പ്രമാണങ്ങളും സഹിതം)
2. ശ്രീമതി സുബീന ബീവി എച്ച്., കുക്ക്, സർക്കാർ ഹോമിയോ ആശുപത്രി, കായംകുളം, ആലപ്പുഴ. (ഹോമിയോപ്പതി വകുപ്പ് മേധാവി മുഖാന്തിരം)

3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), ആലപ്പുഴ.
4. മെഡിക്കൽ ഓഫീസർ, സർക്കാർ ഹോമിയോ ആശുപത്രി, കായംകുളം, ആലപ്പുഴ.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
6. ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്. (22/01/2024 ലെ G2/980/2023-HEALTH -നമ്പർ അഭിപ്രായകുറിപ്പ് പ്രകാരം)
7. ധനകാര്യ (ലോൺസ്) വകുപ്പ്. (09.05.2024-ലെ 2762703/Loans-L1/97/2024-FIN - നമ്പർ അഭിപ്രായ കുറിപ്പ് പ്രകാരം)
8. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
9. കരുതൽ ഫയൽ /ഓഫീസ് പകർപ്പ്. (AYU-C2/75/2023-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 29-08-2024 16:30:26

സെക്ഷൻ ഓഫീസർ.